# TOUCH



# ജി എച്ച് എസ് കൊളപ്പുറം

## സ്കൂൾ മാഗസിൻ

2019-2020

# ആമുഖം

*ജി എച്ച് എസ് കൊളപ്പുറം വിദ്യാലയത്തിലെ 2019-2020 അധ്യയന വർഷത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളുടെ മാഗസിൻ ആണിത്. ഞങ്ങളുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ രചനകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പൂർണമായും വ്യക്തത വരുത്താൻ ഞങ്ങൾക്ക് ആയിട്ടില്ല. എങ്കിലും കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്തി ഞങ്ങൾ ഇത് നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.*

കൊളപ്പുറം ഗവ.ഹൈസ്ക്കുളിലെ-ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ 2019-20 വർഷം നിർമ്മിച്ച ഡിജിറ്റൽ മാഗസിൻ – വിവര സാങ്കേതിക വിദ്യയിൽ കുട്ടികളുടെ താൽപര്യം,അർപ്പണ ബോധം ഇവ പ്രകടമാക്കുന്നു.ഇതോടൊപ്പം കുട്ടികളുടെ സർഗ ശേഷി,ആവിഷ്കാര മികവ് എന്നിവ പ്രകടമാക്കുന്ന, കൊളപ്പുറം ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഈ എളിയ സംരംഭം ഒരു വലിയ ലക്ഷ്യത്തിലേക്കുള്ള, അനന്ത സാധ്യതകളിലേക്കുള്ള ചുവട്വയ്പാകട്ടെ എന്ന് ആശംസിക്കുന്നു.

സന്തോഷത്തോടെ

H.M

**ഉള്ളടക്കം**

ആമുഖം....................3
ഓർമയിലെ വിദ്യാലയം....................5
ചിത്രശലഭങ്ങളുടെ നാട്ടിലേക്ക്....................7
വിദ്യാലയം....................9
മയക്കു മരുന്നുകളുടെ ദുരുപയോഗം....................10
യാഥാർത്ഥ്യം....................13

# ഓർമയിലെ വിദ്യാലയം

*വിദ്യാലയമെന്നു കേൾക്കുമ്പോൾ*
*കുളിർക്കുന്നു എൻ മനം ഇന്നും*
*വിദ്യാലയമെന്നോർമയിൽ*
*തെളിന്നൂ സ്പർശമായ്*
*തണൽമരം വിരിച്ച വിദ്യാലയത്തിൽ*
*മുറ്റത്തൂടെ കൂട്ടുകാർ തൻ കൈ പിടിച്ച് നടന്നതും*




*കണ്ണ്പൊത്തിക്കളിച്ച് മണ്ണിൽ വീണുരുണ്ടതും*
*എല്ലാം ഇന്നലെ കഴിഞ്ഞപോൽ*
*തെളിയിന്നു എന്നോർമയിൽ*

*വിദ്യാലയം മനുഷ്യന്റെ ജീവിതവഴികാട്ടി*
*ദിശയറിയാതൊഴുകുന്ന പിഞ്ചുകിടാങ്ങളെ*
*ജീവിത നറുകയിലെത്തിക്കുംമണി മേട*
*അറിവിന് വെട്ടം വിതറുന്ന പൂവായി*
*സൗഹൃദം വിരിയുന്ന വഴിമുറ്റം*
*വിദ്യാലയ വഴിയിൽ നാം ഒരുമിച്ച് ചെന്നതും*
*തുലാവർഷപ്പേമാരിയിൽ നനഞ്ഞു കുളിച്ചതും*
*ഇന്നുമെന്നോർമയിൽ ഓടിക്കളിക്കുന്നു*
*എന്റെ വിദ്യാലയം*
*മരിക്കാത്ത ഓർമകളായ് ജീവിപ്പൂ...*
*ഇന്നുമെൻ ഹൃദയത്തിൽ......*

*ഫാത്തിമ ഹന്നത്ത്*

# ചിത്രശലഭങ്ങളുടെ നാട്ടിലേക്ക്...

ഏറെ സന്തോഷമുള്ളഇടത്തേക്കാണ് ഇന്ന് യാത്ര പോവുന്നത്. എല്ലായിപ്പോഴുംപോവുന്ന ഇടമാണ് ക്കോഴിക്കോട്.നല്ല ബിരിയാണിയും,ബീച്ചിന്റെസൈഡും, എണ്ണ പലഹാരങ്ങളും,ബീഫുമൊക്കെ വിളമ്പി നമ്മളെ ക്കൊതിപ്പിക്കുന്ന നമ്മടെ സ്വന്തം കോഴിക്കോട്. ആദ്യം ഞങ്ങൾ ക്കാട് ആസ്വദിക്കുകയായിരുന്നു. ചീവീടിന്റെ കരച്ചിലും പുഴ ഒഴുകുന്ന ശബ്ദവും ഒക്കെ



മനോഹരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയായിരുന്നു. ധാരാളം പക്ഷി മൃഗാതികളും പ്രാണികളും മരങ്ങളും ഔഷധങ്ങളും ക്കൊണ്ട് നിറഞ്ഞ ഒരു ജൈവ കലവറയായിരുന്നു ഞങ്ങളെ ക്കാത്തിരുന്നത്. ഓരോരുത്തരും കാടിന്റെ വിവിധ വശങ്ങളിൽ ഇരുന്ന് ഫോട്ടോസ് എടുക്കാൻ തുടങ്ങി.പിന്നീട് ധാരാളം ചിത്ര-ശലഭങ്ങളെ ക്കാണാനിടയായി.പിന്നീടാണ് ഇതൊരു butterfly restvior ആണെന്ന് അറിഞ്ഞത്. തിരിച്ച് വരുമ്പോൾ ഒക്കെ യാത്ര നൽകിയ അനുഭൂതി-

*യായിരുന്നു മനസ്സ് നിറയെ!...*

*amritha.k.p*

# വിദ്യാലയം

ആനാളിൽ കുറുമ്പുക്കാട്ടി ക്കരഞ്ഞ് പറഞ്ഞതായിരിക്കും–
പള്ളിക്കൂടത്തിൻ പടിയങ്ങ് കയറീടാനൊരു മോഹം..
തുള്ളിക്കളിച്ച് കൊണ്ടാ വിദ്യാലയ മുറ്റത്തെത്തിയ–
പ്പോൾ വടിയും വീശികൊണ്ടോരോ ഗുരുക്കളും
ഗതിക്കെട്ട് പടിപ്പിച്ചതാരോ സ്വരാക്ഷരങ്ങളും..
അതിനാലാ മോഹവിളക്കങ്ങ് ക്കെട്ടണഞ്ഞു പോയീ...

തൻ ക്കുട്ടുകോകാരാ തിരിയിലെണ്ണയൊഴിച്ച് പുനഃജീവി–
പ്പിച്ച് വീണ്ടുമതാ മോഹവിളക്കങ്ങ് പ്രകാശിച്ചു...
കളിച്ചും ചിരിച്ചുമാനന്ദത്താൽപള്ളിക്കൂടമിതാ–
മലസ്സിലൊരുപുതിയ പുഷ്പം വിരിഞ്ഞു...
പടികളോരോന്നും കയറുമ്പോഴേക്കും ശത്രുവാ–
യുള്ളെരീ
ഗുരുക്കളെല്ലാം
മിത്രമായി പ്പോയീ...




കാലത്തിന്നിതളുകൾ കൊഴിഞ്ഞു പ്പോയീ...
ഞ്ഞാനാ പത്താം പ്പടിയും കയറിക്കഴിഞ്ഞപ്പോൾ
സ്നേഹം ഒളിപ്പിച്ച് വച്ച വിനീതരാം ഗുരക്കളും
സഹപാടികളുമിതാ കൺമുന്നിൽമറഞ്ഞ് പോകും..
ഞ്ഞാൻകാണുന്നു എന്തോ ഓരോ മിഴികളും
കണ്ണീരുറവ പ്പൊട്ടി ത്തെറിക്കുന്ന വിതാ...
ഈ നാളിൽ ക്കുറുമ്പുക്കാട്ടിക്കരഞ്ഞ് പറഞ്ഞതായെനിക്കും
പള്ളിക്കൂടത്തിൽ പടിയങ്ങ് ഇറങ്ങീടേണ്ടാ...

*sayyidath fathima shamseera*

# മയക്കു മരുന്നുകളുടെ ദുരുപയോഗം

1947 ആഗസ്റ്റ് 15 ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു.എന്നാൽ ലഹരി മരുന്നുകളിൽ നിന്ന് മനുഷ്യർ ഇതുവരെ ഒരു മോചനം നേടിയിട്ടില്ല.പുരാതനകാലം മുതൽക്കേ വൈദ്യശാസ്ത്ര ആവശ്യങ്ങൾക്കു വേണ്ടി മനുഷ്യൻ മയക്കുമരുന്നുകൾ ഉപയോഗിക്കാറുണ്ട്.എന്നാൽ മുമ്പൊരിക്കലും മയക്കുമരുന്നുകളുടെ ദുരുപയോഗം ലോകവ്യാപകമായി ഇത്ര വലിയ ഉത്കണ്ഠയും സമൂഹത്തിന് ഭീകരമായ ഭീഷണിയും ഉയർ ത്തിയിട്ടില്ല.പൗരസ്ത്യ രാജ്യങ്ങൾ പോലും മയക്കുമരുന്നിൽ നിന്നും സുരക്ഷിതമല്ല. ഇന്ത്യക്കാരെയും അമേരിക്കക്കാരെയും ഒരു പോലെ അലട്ടുന്ന പ്രശ്നമാണ് മയക്കുമരുന്നുകളുടെ ദുരുപയോഗം.

മയക്കുമരുന്നുകൾ ഒരു പകർച്ചവ്യാധിയെ പോലെ ഭാവിതലമുറയ്ക്ക് വലിയഭീഷണിയാണുയർ ത്തുന്നത്.എന്തിനാണ് മയക്കുമരുന്നു കഴിക്കുന്നത്? സ്വന്തം ജീവിതം തന്നെ ആപത്താണെന്നറിഞ്ഞിട്ടും കഴിക്കുന്നു.എന്തിന്?ആർക്കുവേണ്ടി?മയക്കുമരുന്ന് ഉപയോഗിക്കുന്ന ആൾ മറ്റൊരുവനെക്കുറിച്ച് ചിന്തിക്കുന്നില്ല.അയാളുടെ ബോധമണ്ഡലം ശൂന്യമാണ്. അയാൾക്കു ഓർമ്മശക്തിയും വിവേചനബുദ്ധിയും

ഏകാഗ്രതയും നഷ്ടമാകുന്നു. പണത്തിന് ആവശ്യം വരുമ്പോൾ മോഷ്ടിക്കാനും സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാനും മടിക്കുന്നില്ല. പുതിയതായി മയക്കുമരുന്നിൽ ഏർപ്പെടുന്ന ആൾ മയക്കുമരുന്നുകളുപയോഗിക്കുന്ന മറ്റുള്ളവരുമായി സൗഹൃദം സ്ഥാപിക്കുകയും ഒരു സംഘമായി മാറുകയും ചെയ്യുന്നു. അയാൾ സമൂഹത്തിൽ നിന്നും പുറന്തള്ളപ്പെടുന്നു. അയാൾക്ക് തുടർന്ന് ഒരു ജീവിതം നയിക്കാനുള്ള സാധ്യത കുറവാണ്.

ഒരാൾ മയക്കുമരുന്ന് ഉപയോഗിച്ചു തുടങ്ങുന്നത് വേദന മാറാനോ സൗഹൃദങ്ങളുടെ നിർബന്ധത്തിന് വഴങ്ങി ഒരു രസത്തിന് വേണ്ടിയോ ആണ്. വളരെ പെട്ടെന്ന് തന്നെ ആ രസത്തിൽ താൽപര്യമേറുന്നു. പതുക്കെ പതുക്കെ അയാൾ ശാരീരികമായും മാനസികമായും മയക്കുമരുന്നിന് അടിമയാകുന്നു. അവസാനം മയക്കുമരുന്നുകളുടെ ഉപയോഗം ഒരു ശീലമായി മാറുന്നു. മയക്കുമരുന്നിനെ കുറിച്ചുള്ള ചിന്തപോലും അവനിൽ ആവേശമുണർത്തുന്നു. വിദ്യാർഥികൾ പോലും മയക്കുമരുന്നിന് അടിമയാകുന്ന അവസ്ഥയാണ് നമ്മുടെ സമൂഹത്തിനുള്ളത്. മറ്റുള്ളവർ നിരാശയിൽ നിന്നും മാനസിക പിരിമുറുക്കം കാരണം മയക്കുമരുന്നുകൾ ഉപയോഗിക്കുന്നു. പരസ്പരം വഴക്കടിക്കുന്നമാതാപിതാക്കളുടെ മക്കൾ മയക്കുമരുന്നിന് അടിമകളാകാൻ സാധ്യത കൂടിക്കൊണ്ടിരിക്കുകയാണ്. അടുത്ത കാലത്ത് നടന്ന പോലീസ് റെയ്ഡുകളിൽ പിടിച്ചെടുത്തത് സ്വർണമോ മറ്റ അനധികൃത വസ്തുക്കളോ അല്ല കിലോക്കണക്കിന് മയക്കുമരുന്നുകൾ കോടികളോളം രൂപ വിലമതിക്കുന്ന

*മയക്കുമരുന്നുകൾ.ഈ മയക്കുമരുന്നുകളുടെ അഭാവം കാരണം ഇന്ത്യയെ "മയക്കുമരുന്നുകളുടെ ഭ്രാന്താലയം "എന്ന് വിശേഷിപ്പിക്കാം.*

*മയക്കുമരുന്ന് ദുരുപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ യുവജനങ്ങളുടെ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്.മയക്കുമരുന്നുകളുടെ ദുരുപയോഗത്തിൽ നിന്നും രക്ഷ നേടാൻ സമൂഹവുമായി നിരന്തരം ബന്ധം പുലർത്തണം.അങ്ങനെ വന്നാൽ മുൻ കാലത്ത് മയക്കുമരുന്ന് ഉപയോഗിക്കുന്നവരും ഇപ്പോൾ മയക്കുമരുന്നുവിമുക്തരുമായിട്ടുള്ളവർ അവരിൽ ആത്മ വിശ്വാസം ഉണ്ടാകും.ഇതെല്ലാം പുറമെ മാതാപിതാക്കളുടെ ശക്തമായ മേൽനോട്ടം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ഇനിയെങ്കിലും മയക്കുമരുന്ന് ഉപയോഗിക്കാൻ ശ്രമിക്കരുത്,ആരെങ്കിലും മയക്കുമരുന്ന് ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ അവർക്കു മനസ്സിലാകുന്ന തരത്തിൽ മയക്കുമരുന്നിന്റെ ദൂഷ്യഫലത്തെക്കുറിച്ച് ബോധ്യപ്പെടുത്തി കൊടുക്കുക. അത് അയാൾക്കൊരു ആശ്വാസമായേക്കും. "നമ്മളിൽ നിന്ന് തുടങ്ങുന്ന നല്ല ഗുണങ്ങൾ മറ്റുള്ളവരിലേക്ക് നൽകുക".*

SNEHA BALAN.P

*10 B*

# യാഥാർത്ഥ്യം

വിജിത്രമാം കാലത്തിൽ
നൊമ്പരമായി പിറന്നവളോ
അതോ
സുന്ദരമായ പ്രകൃതിക്ക്
അസ്തമയ സൂര്യനായ് ജനിച്ചവളോ?

അധാർമികം വിളയുന്ന കാലത്തിൽ
നിന്റെ മുഖം മൂടിയെ-നീ എന്തിന്
കാലചക്രത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന
മുഖ പുസ്തകതത്തിൽ പോസ്റ്റ് ചെയ്തു

നീ അറിയാതെ നിന്റെ ഫോണിൽ വന്ന
റോംഗ് നമ്പർ നീ എന്തിന് സേവ് ചെയ്തു
അതിരു കടന്ന നിന്റെ സന്ദേശ കൈമാറ്റ-
ത്തിൽ നിന്റെ privcy ചേർന്നു പോയത്
നീ അറിയിണില്ലയോ?

ട്വിറ്ററിൽ പോസ്റ്റ് ചെയ്ത നിന്റെ
സന്ദേശത്തിന് ലൈക്കും അളവറ്റ
കമന്റും നൽകിയപ്പോൾ നീ
നിന്റെ മനസ്സില് ആഴത്തിൽ
എന്തിന് അവൻക്ക് സ്ഥാനം നൽകി

ചിരിമങ്ങാത്ത നിന്റെ സൗന്ദര്യ മുഖം

ഇൻസ്റ്റഗ്രാമാവുന്ന അപ്പുപ്പൻ താടിയിലേക്ക് അപ്‌ലോഡ് ചെയ്തു
നീ ആഗ്രഹിച്ചത് സ്നേഹ ചിഹ്നങ്ങളുടെ കുമ്പാരമെങ്കിൽ
നിനക്ക് ലഭിച്ചത് നാശ നഷ്ട്ടങ്ങളുടെ ജീവിതമാണ്

എവിടെയോ നിലച്ച നിൻ മനസ്സ്

വീണ്ടെടുക്കാനുള്ള നെട്ടോട്ടത്തിൽ

മരണമെന്ന യാതാർത്ഥ്യം

നിന്നെ തേടിയെത്തു മെന്നത് നീ മറന്നോ?

പ്രശാന്തതയിൽ ഒരു കുളിർമയെ തേടി
ആകാശ ഗംഗകളിൽ ഇറങ്ങിയപ്പോൾ
മിന്നൽ കൊടിയേറ്റ
നിൻ ചലനമറ്റ
ശരീരത്തെ എൻ കൺ
മുന്നിൽ
കാഴ്ച വെച്ചത് എൻ
നയങ്ങളിൽ
നിന്നുതിർന്ന ബാഷ്
പകണങ്ങൾ
നീ കാണാതെ
പോയോ?




ഇനി നിറയെ കാലം ഇലെന്നിരിക്കെ


നിന്നെ ജീവിത പൊഴയിലേക്ക് തിരിച്ച്
കിട്ടാൻ

നിന്റെ ജീവിതാനുഭവം താക്കീതായി

ഭാവി തലമുറക്ക് നൽകട്ടെയോ....?

ശഹാന 10B



## ഒറ്റയായ അമ്മ

മഴ പെയ്ത് കഴിഞ്ഞിരുന്നു.അവരുടെ ആ തകർന്ന വീടിന്റെ ഓടിന്റെ വിടവിലൂടെ മഴവെള്ളം തുള്ളിതുള്ളിയായി  അകത്തേക്ക് ഉറ്റുന്നുണ്ടായിരുന്നു. അടുക്കളയിൽ നിന്ന് ഒരു കപ്പ് ചായയുമായി വന്ന ആ അമ്മ ഉമ്മറത്തെ ചാരു പടിയിലിരുന്നു. ഞാനും എന്റെ കൂട്ടുകാരൻ സുധീറും മുറ്റത്ത് മഴ നനഞ്ഞ മണ്ണിൽ കളിക്കുകയായിരുന്നു. ഒരു പ്രാവിശ്യം ഞാൻ ആ അമ്മയെയൊന്ന് നോക്കി നിന്നു. അവരാകെ ക്ഷീണിച്ചിരുന്നു. പണ്ട് ധാരാളം ആളുകളുണ്ടായിരുന്ന ആ വീട്ടിൽ ഇപ്പോൾ ഒരാൾ മാത്രം ആ അമ്മ .വീടാകെ വിജനമായിരുന്നു. ഞാൻ നോക്കിനിൽക്കേ കുറച്ചു നേരം ചാരുപടിയിലിരുന്ന് ചായ കുടിച്ചതിന് ശേഷം അവർ പതിവ് പോലെ ഉമ്മറത്ത് നിന്നും ഒരു മുറിയിലേക്ക് നോക്കിക്കൊണ്ട് എന്തൊക്കെയോ പിറുപിറുക്കുന്നുണ്ട് . അതിനിടയിൽ അവർ കരയുകയും മുണ്ടിന്റെ അറ്റം കൊണ്ട് അത് തുടച്ച് മാറ്റുകയും ചെയ്യുന്നുണ്ടായിരുന്നു.അതെന്താണെന്ന് എനിക്കിന്നേ വരെ മനസ്സിലായില്ല.അവരെ നോക്കിക്കൊണ്ടിരിക്കുന്നതിനിടെ അമ്മയെന്നെ വിളിച്ചു.പതിവ് പോലെ ചായ കുടിക്കാനായിരുന്നു.ചായ കുടി കഴിഞ്ഞ് പഠിക്കാനിരുന്നു. അതുകഴിഞ്ഞ് കിടക്കാൻ പോകുമ്പോഴാണ് നാളെ സ്കൂളില്ലാത്ത വിവരം അറിയുന്നത്.ഏതോ ഒരാളെ ആരോ കുത്തി കൊന്നത്കൊണ്ട് നാളെ ഹർത്താൽ ആണത്രേ.ഇത് കേട്ട അമ്മക്കും അച്ഛനും സങ്കടമാണെങ്കിലും എനിക്ക് സന്തോഷമാണ് ഉണ്ടായത്.അത്കൊണ്ട് ഇന്നത്തെ രാത്രിയിൽ സന്തോഷകരമായിരുന്നു എന്റെ ഉറക്കം. പിറ്റേന്ന് രാവിലെ എഴുന്നേറ്റ് കളികഴിഞ്ഞ് കളിക്കാൻ സുധീറിനെയും കാത്ത് ഉമ്മറത്ത് ചാരുപടിയിലിരിക്കുമ്പോഴാണ് ഞാൻ ഒരു മാരുതികാറിന്റെ ശബ്ദം കേട്ടത്.ആ കാറിന്റെ യാത്ര സ്ഥലം ആ അമ്മയുടെ വീടായിരുന്നു.ആ കാറിൽ നിന്നും രണ്ട് ആളുകൾ പുറത്തിറങ്ങി ആ വീട്ടിൽ കയറുകയും ആ അമ്മയോട് എന്തൊക്കെയോ പിറുപിറുക്കുകയും ചെയ്യുന്നുണ്ടായിരുന്നു.ഞാനും സുധീറും മുറ്റത്ത് കളിക്കുകയായിരുന്നു.അങ്ങനെ കുറേ സമയങ്ങൾക്ക് ശേഷം ആ കാറ് വന്ന വേഗത്തേക്കാൾ കൂടുതൽ വേഗത്തിലും ശബ്ദത്തിലും തിരിച്ചുപോകുന്നതു ഞാൻ കണ്ടു.അവർ പോയതിനു ശേഷം ആ അമ്മയെ ഞാൻ ആ വീട്ടിൽ എവിടെയും

ഒരു നോക്കുപോലും കണ്ടിരുന്നില്ല.സന്ധ്യയാകാറായപ്പോൾ ഏതോ ഒരു ആശുപത്രിയിലെ വണ്ടി ആ അമ്മയുടെ വീടിന്റെ മുറ്റത്ത് നിർത്തുന്നതും അതിൽ നിന്നും എന്തോ എടുത്ത് ആ വീട്ടിലേക്ക് കൊണ്ടുപോകുന്നതും ഞാൻ കണ്ടു.പക്ഷേ അത് എന്താണെന്ന് എനിക്ക് മനസ്സിലായില്ല.കുറച്ച് നേരങ്ങൾക്ക് ശേഷം ആ വീട്ടിൽ ഒരു ജനക്കൂട്ടം ഉണ്ടായിരുന്നു.അതിനിടയിൽ ഞാൻ എന്റെ അച്ഛനെ കണ്ടു.പിന്നീട് അമ്മയും അച്ഛനും സുധീറിന്റെ അമ്മയും അവനും അവിടേക്ക് പോവുകയായിരുന്നു.അവരുടെ കൂടെ ഞാനും അങ്ങോട്ട് പോയി.ഞങ്ങളവിടെ ചെന്നപ്പോൾ അവരുടെ മുഖം മാത്രം കാണത്തക്കവിധം അവരെ വെള്ള മുണ്ട് കൊണ്ട് പൊതിഞ്ഞിരുന്നു.എനിക്ക് അത് കണ്ടിട്ട് ഒന്നും മനസ്സിലായില്ല.ഞാൻ അമ്മയോടും അച്ഛനോടും അച്ഛമ്മയോടും ചോദിച്ചു.ആരും ഒന്നും പറയുന്നില്ല.അന്ന് രാത്രി ഞാൻ വളരെ ചിന്താകുലനായാണ് ഉറങ്ങിയത്.പിറ്റേന്ന് രാവിലെ എണീറ്റതിനു ശേഷം ഞാൻ നേരെ ചെന്നു നോക്കിയത് ആ വീട്ടിലേക്കായിരുന്നു. ഒരൊച്ചയും അനക്കവും ഇല്ല. ആകെ നിശബ്ദം.ഞാനും സുധീറും സ്കൂളിലേക്ക് പോകുന്നതിനിടെ ഞാൻ പെട്ടെന്ന് അമ്മയെ ഓർത്തുകൊണ്ടിരുന്നു.....................